## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1294 20/03/2012 ൽ മറുപടിയ്ക്ക്

## കായംകുളം മണ്ഡലത്തിലെ പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. സി. കെ. സദാശിവൻ

മറുപടി
ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ താത്കാലികമായി നിർത്തിവയ്ക്കുവാനുള്ള പട്ടികജാതി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. കായംകുളം നിയോജക മണ്ഡലത്തിൽ ഹോസ്റ്റൽ ആരംഭിച്ചാൽ ആവശ്യമായത്ര പട്ടികജാതി വിദ്യാർത്ഥികളെ ലഭിക്കുകയില്ലായെന്നുള്ള ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ടും നിർദ്ദിഷ്ട സ്ഥലത്ത് ഒരു ഹോസ്റ്റൽ പ്രവർത്തിക്കുന്നതിനുള്ള സ്ഥല പരിമിതിയും കണക്കിലെടുത്ത് ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ പ്രദേശത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കായംകുളം, കരുനാഗപ്പള്ളി, ഹരിപ്പാട്, മാവേലിക്കര മണ്ഡലത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് ഏറെ പ്രയോജനകരമായിരുന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ